# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5949 — 28.03.2018 — ൽ മറുപടിക്ക്

## റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു; വിശദാംശം അറിയിക്കുമോ;<br>(ബി) നിലവിൽ ഈ പ്രവർത്തനങ്ങളുടെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ? | (എ) യും (ബി) യും സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തര പ്പെടുത്തുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനു ശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.<br>ആട്ടയ്ക്ക് പുറമേ റവ, മൈദ എന്നിവയും റാഗി പോലുള്ള ആദിവാസി വിളകളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ